**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6472** **10-11-2021 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ തൃക്കൂർ പഞ്ചായത്തിലെ ഭരത പ്രദേശത്ത് 02.10.21ന് ഉണ്ടായ പേമാരിയിൽ ബണ്ടുകൾ തകർന്ന് വ്യാപകമായി നാശനഷ്ടങ്ങൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | തൃക്കൂർ, വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിൽ ഇപ്രകാരം വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായതിനാൽ പ്രസ്തുത മേഖലകളിലെ ദുരിതബാധിതർക്ക് ധനസഹായം നൽകുന്നതിനും തകർന്ന ബണ്ടുകൾ പുനർനിർമ്മിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (ബി) | ദുരിതബാധിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മണൽ നിറച്ച കയർ ചാക്കുകളോ ജിയോ ട്യൂബുകളോ ഇടുന്ന പ്രവൃത്തികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും ഒരു പഞ്ചായത്തിന് ഒരു സാമ്പത്തികവർഷം പരമാവധി 4 ലക്ഷം രൂപ വരെ അനുവദിക്കും. ആയതിന് തദ്ദേശ സ്വയംഭരണ സ്ഥാപനവും ജലസേചന വകുപ്പും കൃഷി വകുപ്പും മേൽപ്രവൃത്തിക്ക് പണം ലഭ്യമല്ല എന്നും പ്രസ്തുത പ്രവൃത്തിയാണ് നടപ്പ സാമ്പത്തികവർഷത്തെ ഏറ്റവും പ്രധാനപ്പെട്ടതും ഒഴിവാക്കാനാവാത്തതുമായ പ്രവൃത്തിയെന്നും സാക്ഷ്യപ്പെടുത്തി നല്കേണ്ടതാണ്. |
| (സി) | ഭരത-മാക്കലകുളം ചിറക്ക് സമീപമുള്ള വലിയ ബണ്ട് തകർന്നത് പുനർനിർമ്മിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ഭരത-മാക്കലകുളം ചിറക്ക് സമീപമുള്ള വലിയ ബണ്ട് തകർന്നത് പുനർനിർമ്മിക്കുന്നതിന് 50 ലക്ഷത്തിന്റെ എസ്റ്റിമേറ്റാണ് തദ്ദേശ സ്വയംഭരണ സ്ഥാപന എഞ്ചിനീയർ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ഇത്രയും തുക സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡങ്ങൾ പ്രകാരം അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ